**THE SYRO-MALANKARA CATHOLIC CHURCH**
**MAJOR ARCHDIOCESE OF TRIVANDRUM**

**BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos &
Major Archbishop of Trivandrum

MAJOR ARCHBISHOP'S HOUSE
PATTOM, TRIVANDRUM-695004

Prot. No. CL-TVM 4/2018

22 October 2018

# സർക്കുലർ

ബഹുമാനപ്പെട്ട അച്ചാ, സ്നേഹമുള്ള ഇടവക കമ്മറ്റിയംഗങ്ങളെ, ഇടവകാംഗങ്ങളെ,

മേജർ ആർച്ചുബിഷപ്പ്സ് ഹൗസിൽ നിന്നും സ്നേഹാശംസകൾ!

തിരുവനന്തപുരം മേജർ അതിരൂപതയിൽ നടപ്പിലാക്കി വരുന്ന 'സ്നേഹപൂർവ്വം ഒരു വീട്' പദ്ധതിയുടെ പുരോഗതി ഏവരേയും അറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഈ പദ്ധതിയിലൂടെ ഇതുവരെ (01-10-2018) 1632 ഭവനങ്ങൾ നിർമ്മിക്കുവാൻ സാധിച്ചുവെന്നത് ഏവരെയും സന്തോഷപൂർവ്വം അറിയിക്കട്ടെ. ഭവന നിർമ്മാണത്തിന്റെ സമ്പൂർണ്ണ വിവരം ഉടനെ തന്നെ പ്രസിദ്ധീകരിക്കുന്നതാണ്. ഭവന നിർമ്മാണ പദ്ധതിയിൽ ഔദാര്യത്തോടെ സഹായിച്ച ഏവരേയും ഹൃദയംഗമായ നന്ദി അറിയിക്കുന്നു. സ്വന്തമായി ഭവനം ലഭിച്ച എല്ലാ കുടുംബങ്ങളോടും ചേർന്ന് കർത്താവിന് കൃതജ്ഞത അർപ്പിക്കുന്നു. പരമകാരുണ്യവാനായ നമ്മുടെ കർത്താവ് 'ഇമ്മാനുവേലായി' എന്നും നമ്മുടെ കൂടെ ഉണ്ടായിരിക്കുമാറാകട്ടെ!

11 വർഷം കഴിയുമ്പോൾ - അതായത് 2030-ൽ മലങ്കര പുനരൈക്യ പ്രസ്ഥാനത്തിന് 100 വയസ്സാകും. നാം ശതാബ്ദി ആഘോഷിക്കുമ്പോൾ നമുക്ക് മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ സ്വന്തമായി ഭവനം ഇല്ലാത്തവരായി ആരും ഉണ്ടാകരുത് എന്നത് ഹൃദയത്തിൽ നിന്നുള്ള ഒരു വലിയ സ്വപ്നമാണ്. നമ്മുടെ എല്ലാ രൂപതകളും ആത്മാർത്ഥമായി പരിശ്രമിച്ചാൽ ഓരോ രൂപതയിലും ഈ സ്വപ്നം യാഥാർത്ഥ്യമാക്കുവാൻ കഴിയും എന്നുതന്നെയാണ് എന്റെ വിശ്വാസം.

തിരുവനന്തപുരം മേജർ അതിരൂപതയിൽ നമ്മുടെ എല്ലാ ഇടവകകളിലും ഭവനം ഇല്ലാത്തവരുടെ സ്ഥിതി വിവരങ്ങൾ ശേഖരിച്ച

തനുസരിച്ച് 'സ്നേഹപൂർവ്വം ഒരു വീട്' പദ്ധതി നടന്നു വരികയാണല്ലോ. ഇപ്പോഴും ചുരുക്കമായി എങ്കിലും അപേക്ഷകൾ ലഭിച്ചു കൊണ്ടിരിക്കുന്നു. 2022-ൽ നമ്മുടെ മേജർ അതിരൂപതയ്ക്ക് 90 വയസ്സാകും! 2019 മുതൽ അടുത്ത മൂന്നു വർഷം തീവ്രമായി നാം പരിശ്രമിച്ചാൽ നമ്മുടെ മേജർ അതിരൂപതയിലെ എല്ലാ കുടുംബൾക്കും സ്വന്തമായി ഭവനം എന്നത് നവതിയുടെ സന്തോഷമായി നമുക്ക് ആഘോഷിക്കുവാൻ കഴിയുമെന്നതിൽ എനിക്ക് ഉറപ്പുണ്ട്.

കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഭവനരഹിതർക്ക് നൽകുന്ന സാമ്പത്തിക സഹായം, ഇനിയും സ്വന്തമായി വീടില്ലാത്ത നമ്മുടെ കുടുംബങ്ങൾക്ക് ഉറപ്പായി ലഭിക്കുന്നതിനാവശ്യമായ ആലോചനയും സഹായവും നൽകണമെന്ന് നമ്മുടെ ബഹു. വികാരി അച്ചന്മാരേയും ഇടവക കമ്മറ്റിയംഗങ്ങളെയും MCA, MCYM തുടങ്ങിയ പ്രേഷിത വേദികളുടെ നേതാക്കളെയും ഇടവകയിൽ നിന്നുള്ള പ്രാദേശിക ജനപ്രതിനിധികളെയും രാഷ്ട്രീയ നേതാക്കളെയും സ്നേഹത്തോടെ ഞാൻ ഓർമ്മിപ്പിക്കട്ടെ! ഗവൺമെന്റിന്റെ സഹായത്തോടൊപ്പം മേജർ അതിരൂപതയുടെ സഹായം കൂടെ ലഭിക്കുമ്പോൾ വേഗത്തിലും കാര്യക്ഷമതയിലും വീടുപണി പൂർത്തിയാക്കുവാൻ ഭവനരഹിതരായ കുടുംബങ്ങൾക്ക് കഴിയും. ഓരോ ഇടവകയിലും സത്യസന്ധമായ അന്വേഷണം നടത്തി, വീടില്ലാത്ത എത്ര കുടുംബങ്ങൾ പ്രസ്തുത ഇടവകയിലുണ്ടെന്ന ബഹു. വികാരിയച്ചന്റെ കത്ത് 2018 നവംബർ 25 നു മുൻപ് മേജർ അതിരൂപതയുടെ കേന്ദ്ര ഓഫീസിൽ എത്തിച്ചു കഴിയുമ്പോൾ ആവശ്യമുള്ള അപേക്ഷാ ഫോറങ്ങൾ അവിടെ നിന്ന് ലഭിക്കുന്നതാണ്. നിശ്ചിത ഫോറത്തിൽ അപേക്ഷകൾ പൂരിപ്പിച്ച് 2018 ഡിസംബർ 20-നു മുൻപായി കേന്ദ്ര ഓഫീസിൽ എത്തിക്കേണ്ടതാണ്. ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ആവശ്യമുള്ള വേരിഫിക്കേഷൻ നടത്തി തുടർനടപടികളിലേക്ക് പ്രവേശിക്കുന്നതാണ്. മേജർ അതിരൂപതാ ബുള്ളറ്റിനിലൂടെ ഭവനനിർമ്മാണസഹായ പദ്ധതിയുടെ വിവരങ്ങൾ യഥാസമയം ഏവരെയും അറിയിക്കുന്നതാണ്. ഈ ഭവന നിർമ്മാണ പദ്ധതിയുടെ വിജയത്തിനായി വ്യക്തികളായും കുടുംബമായും ഇടവകയായും പ്രാർത്ഥിക്കണമെന്ന് ഏവരെയും സ്നേഹപൂർവ്വം ഞാൻ ഉദ്ബോധിപ്പിക്കുന്നു.

നമ്മുടെ മേജർ അതിരൂപതയിലെ ബഹു. വൈദികരുടെ വാർഷിക ധ്യാനം 2018 ഒക്ടോബർ 28 മുതൽ നവംബർ 2 വരെ നടക്കുന്നതാണ്. ഏവരും പ്രത്യേകം പ്രാർത്ഥിക്കണമേ. നിങ്ങളെ ഏവരെയും കാരുണ്യവാനായ കർത്താവ് ധാരാളമായി അനുഗ്രഹിക്കട്ടെ!



## 'സ്നേഹപൂർവ്വം ഒരു വീട്' പദ്ധതിയിലെ അപേക്ഷകരും അവരുടെ ബഹു. വികാരിമാരും, ഇടവക കമ്മറ്റിയംഗങ്ങളും പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. അപേക്ഷകർ വാസയോഗ്യമായ ഭവനം ഇല്ലാത്തവർ ആയിരിക്കണം.
2. അപേക്ഷകർക്ക് സ്വന്തമായി 2 സെന്റ് സ്ഥലം എങ്കിലും ഉണ്ടായിരിക്കണം.
3. സ്വന്തമായി ഭവനം നിർമ്മിക്കുവാൻ സാമ്പത്തിക ഭദ്രത ഇല്ലാത്തവരായിരിക്കണം.
4. മേജർ അതിരൂപതയുടെ ഭവന നിർമ്മാണ സഹായ പദ്ധതിയിൽ നേരത്തെ സഹായം കിട്ടിയവരായിരിക്കരുത്.
5. ഉണ്ടായിരുന്ന സ്വന്ത ഭവനം മകനോ മകൾക്കോ നൽകി ഭവനരഹിതരായി അപേക്ഷിക്കുന്നത് പരിഗണിക്കുന്നതല്ല.
6. മേജർ അതിരൂപതയുടെ /ഇടവകയുടെ /പ്രേഷിത വേദികളുടെ / ആത്മീയ സംഘടനകളുടെ സഹായത്താൽ നിർമ്മിച്ച ഭവനം വിൽക്കുകയോ അന്യാധീനപ്പെടുത്തുകയോ ചെയ്തവരുടെ അപേക്ഷ പരിഗണിക്കുന്നതല്ല.
7. ഭവന നിർമ്മാണ പദ്ധതിയിൽ പങ്കാളികളാകുന്നുവെന്ന ഉത്തരവാദിത്വം എടുക്കുന്ന ഇടവകകളിലെ അപേക്ഷകർക്ക് മുൻഗണന നൽകുന്നതാണ്.
8. അപേക്ഷയിലെ നിബന്ധനകൾക്ക് വിധേയമായി, ഭവന രഹിതരായ എല്ലാവർക്കും അപേക്ഷിക്കാവുന്നതാണ്.
9. കേന്ദ്ര ഓഫീസിൽ നിന്ന് ലഭിക്കുന്ന നിശ്ചിത അപേക്ഷാ ഫാറം പൂരിപ്പിച്ചുള്ള അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളു.

സ്നേഹാശീർവ്വാദങ്ങളോടെ,



✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.

*N.B: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*